# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഓഗസ്റ്റ് 24

# വാർത്താക്കുറിപ്പ്

## പരീക്ഷ ഫലം

2020 ജനവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.പി.എഡ്.(റഗുലർ 2018 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ നാലു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/831/2020)

## നാക് അസെസ്മെന്റ്, അക്രഡിറ്റേഷൻ; കോളജുകൾക്കുള്ള വെബിനാർ 27ന്

നാക് അസെസ്മെന്റും അക്രഡിറ്റേഷൻ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് അഫിലിയേറ്റഡ് കോളജുകൾക്കായി മഹാത്മാഗാന്ധി സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സംഘടിപ്പിക്കുന്ന വെബിനാർ ഓഗസ്റ്റ് 27ന് നടക്കും. വെബെക്സിലൂടെ രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെയാണ് വെബിനാർ. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. നാക് അഡ്വൈസർ ഡോ. എം.എസ്. ശ്യാംസുന്ദർ, ഡെപ്യൂട്ടി അഡ്വൈസർ ഡോ. പ്രതിഭ സിംഗ്, അസിസ്റ്റന്റ് അഡ്വൈസർമാരായ ഡോ. കെ.ആർ. വിഷ്ണു മഹേഷ്, ഡോ. ഡി.കെ. കാംബ്ലെ എന്നിവർ വിവിധ വിഷയങ്ങളിൽ സംസാരിക്കും.

ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, രജിസ്ട്രാർ ഡോ. ബി. പ്രകാശ്കുമാർ എന്നിവർ സംസാരിക്കും. വെബെക്സ് ലിങ്ക് ലഭിക്കാത്ത കോളജുകൾ iqac@mgu.ac.in എന്ന ഇ-മെയിലിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/832/2020)

## അധ്യാപകർക്ക് ഓൺലൈൻ കോഴ്സ്

മഹാത്മാഗാന്ധി സർവകലാശാലയിലെ യു.ജി.സി. സ്ട്രൈഡ് പദ്ധതിയിലൂടെ അധ്യാപകർക്കായി ഒരാഴ്ചത്തെ ഓൺലൈൻ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സെപ്റ്റംബർ ഏഴു മുതൽ നടക്കും. സർവകലാശാല പഠനവകുപ്പുകൾ, അഫിലിയേറ്റഡ് കോളജുകൾ എന്നിവിടങ്ങളിലെ സോഷ്യൽ സയൻസ് അധ്യാപകർക്ക് പങ്കെടുക്കാം. ക്വാണ്ടിറ്റേറ്റീവ് റിസർച്ച് ഇൻ സോഷ്യൽ സയൻസ് എന്ന വിഷയത്തിലാണ് ഓൺലൈൻ കോഴ്സ്. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/833/2020)

## പ്രവാസി തൊഴിൽ നഷ്ടവും
## കേരളം നേരിടുന്ന വെല്ലുവിളികളും;
## പ്രത്യേക പ്രഭാഷണം 25ന്

ഗൾഫ് രാജ്യങ്ങളിലെ പ്രവാസി തൊഴിൽ നഷ്ടവും കേരളം നേരിടുന്ന വെല്ലുവിളികളും എന്ന വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷനും സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സും ഇന്ത്യൻ പ്രവാസപഠന കേന്ദ്രവും സംഘടിപ്പിക്കുന്ന ഓൺലൈൻ പ്രത്യേക പ്രഭാഷണം ഓഗസ്റ്റ് 25ന് നടക്കും. വൈകിട്ട് ഏഴിന് ഗൂഗിൾ മീറ്റിലൂടെ നടക്കുന്ന പ്രഭാഷണ പരിപാടിയിൽ മുൻ അംബാസിഡർ കെ.പി. ഫാബിയാൻ മുഖ്യപ്രഭാഷണം നടത്തും. https://meet.google.com/zua-bwxf-cid എന്ന ലിങ്കിലൂടെ വൈകിട്ട് 6.45ന് പരിപാടിയിൽ ഓൺലൈനായി പങ്കെടുക്കാം.

(പി.ആർ.ഒ/39/834/2020)

## യു.ജി.സി. നെറ്റ്
## മാതൃക പരീക്ഷ

മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ മാനവിക വിഷയങ്ങളിൽ യു.ജി.സി. നെറ്റ്/ജെ.ആർ.എഫ്. പരീക്ഷ എഴുതുന്നവർക്കായി ജനറൽ പേപ്പറിന് ഓൺലൈൻ മാതൃക പരീക്ഷകൾ നടത്തുന്നു. താൽപര്യമുള്ളവർ സെപ്റ്റംബർ ഒമ്പതിനകം 0481 2731025 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/835/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ